LIBRARY ARCHIVES Kerala Legislative Assembly

സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം, ആദിവാസികളായ സ്ത്രീകളും കുട്ടികളും വൃദ്ധരും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പോഷകാഹാരക്കുറവ്. നമ്മൾ റേഷൻ സാധനങ്ങളൊക്കെ എത്തിച്ചിട്ടും അവർ ശരിക്കും ഭക്ഷണം കഴിക്കുന്ന ഒരു സാഹചര്യം ഇല്ലാതെ വന്നപ്പോഴാണ് 'കമ്മ്യൂണിറ്റി കിച്ചൻ' എന്ന ആശയം വന്നത്. അത് വളരെ നല്ല അഭിപ്രായം സൃഷ്ടിച്ചിരുന്നു. പക്ഷേ കമ്മ്യൂണിറ്റി കിച്ചന്റെ കാര്യത്തിലും ചില പോരായ്മകൾ വന്നിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ആവശ്യത്തിന് ഫണ്ട് അതിലേയ്ക്ക് നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ ആ ഫണ്ട് യഥാസമയത്ത് പ്രയോജനകരമായി വിനിയോഗിക്കണം. അതാണ് നമ്മുടെ ഒരു ചലഞ്ച്. നടപ്പുവർഷം 729.87 കോടി രൂപയാണ് ടോട്ടലായിട്ട് ആദിവാസി പട്ടികജാതി വകുപ്പിന്റെ പ്ലാൻ എക്സ്പെൻഡിച്ചറായിട്ട് നീക്കിവച്ചിരുന്നത്. 84 പദ്ധതികളും അതിനുവേണ്ടി തയ്യാറാക്കിയിരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുമായി സഹകരിച്ചുകൊണ്ടാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശം, ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് എല്ലാ മന്ത്രിമാരുമായി ആലോചിച്ച് അതിനൊരു പ്രത്യേക സ്ത്രീമുണ്ടാക്കുമെന്ന് പറയുവാൻ ആഗ്രഹിക്കുന്നു.

(3) റെയിൽവെ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം

ശ്രീ. ബി.ഡി. ദേവസ്സി : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ റെയിൽവെയുടെ ഭാഗത്തുനിന്നുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ട് രണ്ട് വർഷത്തോളമായി. വ്യവസ്ഥ അനുസരിച്ച് ഇതിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് ചെയ്യേണ്ടത്. പാലം പൂർത്തീകരിച്ച് രണ്ട് വർഷത്തോളമായിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് സതേൺ റെയിൽവെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തിയുടെ അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിന് മൂന്ന് പ്രാവശ്യം സമർപ്പിച്ചുവെങ്കിലും അനുമതി നിഷേധിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവച്ചിട്ടില്ല എന്ന കാരണത്താലാണ് അനുമതി നിഷേധിക്കുന്നത്. ഇപ്പോൾ എ.എസ്. കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. എന്നാൽ ഫണ്ടില്ലാത്തതുകാരണം എ.എസ്. കമ്മിറ്റിയിൽനിന്നും അടുത്തെങ്ങും ഇതിന് അനുമതി കിട്ടാൻ സാധ്യതയില്ലാത്ത സാഹചര്യമാണ്. ഈ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതു കാരണം അവിടെ നിരവധി അപകടങ്ങൾക്ക് സാധ്യതയുണ്ട്. ധാരാളം കാൽനടക്കാരും വിദ്യാർത്ഥികളും യാത്രചെയ്യുന്ന ഒരു സ്ഥലമാണ്.

അപ്രോച്ച് അണ്ടർപ്പാസ്സിലെ വെള്ളക്കെട്ടുമൂലം അപകടങ്ങൾക്കും വളരെയേറെ സാധ്യതയുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ ഭാഗമായി അവിടെ ശക്തമായ ബഹുജന പ്രക്ഷോഭം ഉയർന്നുവന്നിരിക്കുകയാണ്. ചാലക്കുടിയുടെ വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്നതും യാത്രക്കാർക്ക് ഏറെ സൗകര്യമുള്ളതുമായ ചാലക്കുടി റെയിൽവെ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡും ഡ്രെയിനേജ് നിർമ്മാണവും പി.ഡബ്ല്യു.ഡി. വകുപ്പാണ് നിർവ്വഹിക്കേണ്ടത്. ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ എ.എസ്. കമ്മിറ്റിയുടെ പരിഗണനയിലാണ്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയതിനു ശേഷമേ റോഡ് പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയ സ്ഥിതിക്ക് അതിലേക്കുള്ള ചട്ടങ്ങൾ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കേണ്ടതുണ്ട്. പുതിയ നിയമം അനുസരിച്ച് വേണം റോഡിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുവാൻ. എ.എസ്. കമ്മിറ്റി ഈ വിഷയം പരിഗണിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ഇരട്ടച്ചിറ കോവിലകം പുരാവസ്തു വകുപ്പ് ഏറ്റെടുക്കൽ

ശ്രീ തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഇരട്ടച്ചിറ കോവിലകം ചരിത്രം ഉറങ്ങുന്ന ഒരു പൈതൃകമാണ്. ഏതാണ്ട് 400-ഓളം കൊല്ലം പഴക്കമുള്ളതും ശക്തൻ തമ്പുരാൻ താമസിച്ചുവെന്ന് പറയപ്പെടുന്ന കൊട്ടാരം ഏതോ ഒരു കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിന്റെ ആഫീസിനായി ഒരു പോർഷൻ കൊടുത്തു. പിന്നീട് അവർ സ്വന്തം സ്ഥലത്തേയ്ക്ക് പോയി. ഇപ്പോൾ ഇതിനോടനുബന്ധിച്ച് മെഡിക്കൽ കോർപ്പറേഷൻ വലിയൊരു ഷെഡുണ്ടാക്കി അവിടെ മരുന്നുകൾ സംഭരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ ഭൂരിഭാഗം സ്ഥലവും അവർ ഉപയോഗിക്കുന്നില്ല. അത് നാശപ്പെട്ടുകൊണ്ടിരിക്കുകയും ജീർണ്ണാവസ്ഥയിലുമാണ്. സാംസ്കാരിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യം പെടുത്തുകയും അദ്ദേഹം വന്നു പരിശോധിച്ചു കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടിട്ടുമുണ്ട്. ഉദ്യോഗസ്ഥൻമാരും സ്ഥലത്ത് വന്ന് പരിശോധിച്ചു. അതുകൊണ്ട് കഴിയുന്നതുംവേഗം പുരാവസ്തു വകുപ്പ് അത് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ട ഒരു തീരുമാനമെടുക്കണം. ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട ആളുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly